സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

നമ്പർ. C4/27260/23/ഡി.ടി.ഇ

തീയതി: 23.07.2023

## സർക്കുലർ

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് - അക്കാഡമിക് (എ ) സെക്ഷൻ - വനിതാ ശാക്തീകരണം - കനൽ ക്യാമ്പയിൻ സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന :- 06.07.23 ലെ വനിതാ ശിശു വികസന ഡയറക്ടറുടെ കത്ത് നം.DWCD/6481/2022-WEC2

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ , ലിംഗ വിവേചനം തുടങ്ങിയവ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ അതിക്രമങ്ങളെ ചെറുക്കുന്നതിനും , ലിംഗ വിവേചനം അവസാനിപ്പിക്കുന്നതിനുമായി ജനങ്ങൾക്കിടയിൽ വ്യാപക ബോധവൽക്കരണം നടത്തുവാൻ ബഹു.മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം വനിതാ ശിശു വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ബോധവൽക്കരണ പരിപാടിയാണ് കനൽ കർമ്മ പദ്ധതി. 2023-24 വർഷത്തിൽ കോളേജ് വിദ്യാർത്ഥികൾക്ക് ബോധവൽക്കരണ ക്ലാസുകൾ നൽകുന്നതോടൊപ്പം കൂടുതൽ വിപുലമായി അര ദിവസത്തെ കോളേജ് ഫെസ്റ്റ് ആയി കനൽ ക്യാമ്പയിൻ സംഘടിപ്പിക്കുവാൻ വനിതാ ശിശു വികസന വകുപ്പ് തീരുമാനിച്ചിട്ടുണ്ട് . ആയതിനാൽ 2023 ജൂലൈ മാസം മുതൽ 2024 ജനുവരി മാസം വരെ ഈ വകുപ്പിന് കീഴിലുള്ള മിക്സഡ് പോളിടെക്നിക് കോളേജുകളിൽ കനൽ ഫെസ്റ്റ് സംഘടിപ്പിക്കുന്നതിനുള്ള നടപടി കൈക്കൊള്ളണമെന്ന് അറിയിക്കുന്നു. സൂചന പ്രകാരമുള്ള കത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ഡോ. രാമചന്ദ്രൻ എം
സീനിയർ ജോയിൻറ് ഡയറക്ടർ

സ്വീകർത്താവ്

1.ടി വകുപ്പിന് കീഴിലുള്ള (വനിതാ പോളിടെക്നിക് കോളേജ് ഒഴികെ ) എല്ലാ പോളിടെക്നിക് കോളേജ് മേധാവികൾക്കും (ഔദ്യോഗിക വെബ്സൈറ്റ് മുഖാന്തിരം )
2.സ്റ്റോക്ക് ഫയൽ /ഓഫീസ് പകർപ്പ്

Approval Valid

Digitally Approved By
ഡോ. രാമചന്ദ്രൻ എം
Date: 23.07.2023
Reason: Approved

The document is digitally approved. Hence signature is not needed.

Draft #1 of File C4/27260/23/DTE Approved by Senior Joint Director (PS) on 23-Jul-2023 10:42 PM - Page 1

104304/2023

"ഭരണഭാഷ-മാതൃഭാഷ"

No.DWCD/6481/2022-WEC2

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 06-07-2023
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

Director,
Collegiate of Education
6th Floor, Vikas Bhavan.PO,
Thiruvananthapuram-695033

Director,
Directorate of Medical Education
Medical College P O
Thiruvananthapuram 695011

OFFICE OF THE DIRECTOR OF
TECHNICAL EDUCATION
07 JUL 2023

Director,
Directorate of Technical Education,
Padmavilasom Street, FORT P O
Thiruvananthapuram 695023

സർ/മാഡം,

വിഷയം:- വനിത ശിശുവികസന വകുപ്പ്- IEC-വനിതാ ശാക്തീകരണം-കനൽ ക്യാമ്പയിൻ-സംഘടിപ്പിക്കുന്നത് -സംബന്ധിച്ച്:-

സൂചന:- 1. 19.06.2023 ലെ G.O(Rt)363/2023/WCDD നം. സർക്കാർ ഉത്തരവ്

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ, ലിംഗ വിവേചനം തുടങ്ങിയവ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ അതിക്രമങ്ങളെ ചെറുക്കുന്നതിനും, ലിംഗ വിവേചനം അവസാനിപ്പിക്കുന്നതിനുമായി ജനങ്ങൾക്കിടയിൽ വ്യാപക ബോധവൽക്കരണം നടത്തുവാൻ ബഹു മുഖ്യമന്ത്രിയുടെ നിർദ്ദേശ പ്രകാരം വനിതാ ശിശു വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ബോധവൽക്കരണ പരിപാടിയാണ് കനൽ കർമ്മ പദ്ധതി

കനൽ കർമ്മ പദ്ധതിയുടെ ഭാഗമായി 2021 വർഷം മുതൽ സംസ്ഥാനത്തെ കോളേജുകളിൽ പരിശീലനം ലഭിച്ച റിസോഴ്സ് പേഴ്സൺ മുഖാന്തിരം NCC, NSS, കോളേജ് യൂണിയൻ, യുവജന കമ്മീഷൻ എന്നിവരുടെ സഹകരണത്തോടെ Gender Awareness campaign സംഘടിപ്പിച്ചുവരുന്നു.

2021-22, 22-23 വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി കനൽ കർമ്മ പദ്ധതി പ്രകാരം കോളേജ് വിദ്യാർത്ഥികൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നൽകുന്നതോടൊപ്പം കൂടുതൽ വിപുലമായി അരദിവസത്തെ കോളേജ് ഫെസ്റ്റ് ആയി കനൽ ക്യാമ്പയിൻ സംഘടിപ്പിക്കുവാനാണ് വകുപ്പ് തീരുമാനിച്ചിരിക്കുന്നത്. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 500 കോളേജുകളിൽ 2023 ജൂലൈ മാസം ആരംഭിച്ച് 2024 ജനുവരി മാസത്തിൽ അവസാനിപ്പിക്കുന്ന രീതിയിൽ ചുവടെ വിവരിയ്ക്കും പ്രകാരം രണ്ട് ഘട്ടങ്ങളിലായി കനൽ ഫെസ്റ്റ് സംഘടിപ്പിക്കുവാനാണ് വകുപ്പ് തീരുമാനിച്ചിരിക്കുന്നത്.

1. ജില്ലാതലത്തിൽ കോളേജ് വിദ്യാർത്ഥികളുടെ സ്കിറ്റ്/ഫിലിം മേക്കിംഗ് റോൾ പ്ലേ മത്സരം നടത്തി സമ്മാനം വിതരണം നടത്തുന്നതാണ്. ടി മത്സര വിജയികളുടെ സംസ്ഥാനതല മത്സരങ്ങൾ മാർച്ച് 8 ന് വനിതാ ദിനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച് ഒന്നും, രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന വിജയികൾക്ക് സമ്മാന തുകയും സർട്ടിഫിക്കറ്റുകളും വിതരണം ചെയ്യുന്നതാണ്.
2. പെൺകുട്ടികൾക്കായി വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കി വരുന്ന ധീര പദ്ധതിയ്ക്ക് സമമായി പോലീസ് വകുപ്പിന്റെ സഹകരണത്തോടെ കോളേജ് വിദ്യാർത്ഥിനികൾക്കായി അര മണിക്കൂർ ദൈർഘ്യമുള്ള Self Defense Trainings സംഘടിപ്പിക്കുന്നതാണ്.
3. Benevolent sexism എന്ന വിഷയത്തിൽ കോളേജ് വിദ്യാർത്ഥികൾക്കായി ജില്ലാതലത്തിൽ ഡിബേറ്റുകൾ സംഘടിപ്പിച്ച, സമ്മാനം വിതരണം നടത്തുന്നതാണ്. ടി മത്സര വിജയികളുടെ സംസ്ഥാനതല മത്സരങ്ങൾ മാർച്ച് 8 ന് വനിതാ ദിനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച് ഒന്നും, രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന വിജയികൾക്ക് സമ്മാന തുകയും സർട്ടിഫിക്കറ്റുകളും വിതരണം ചെയ്യുന്നതാണ്.

ആയതിനാൽ 2023 ജൂലൈ മാസം മുതൽ 2024 ജനുവരി മാസം വരെ സംസ്ഥാനത്തെ മിക്സഡ് കോളേജുകളിൽ കനൽ ഫെസ്റ്റ് സംഘടിപ്പിക്കുന്നതിനുള്ള സഹകരണം ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

**Signed by Bindu Gopinath**
**Date: 06-07-2023 09:16:30**
വനിത ശിശു വികസന ഡയറക്ടർ